<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 31</u> <u>10/06/2014-ൽ മറുപടിക്ക്</u>

# <u>വൈദ്യുത പദ്ധതികൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും വൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയിൽ നിന്ന് എത്ര വൈദ്യുതി ഉല്പാദിപ്പിച്ചു; | (എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റാന്നി- പെരുനാട് (4 മെഗാവാട്ട്), പീച്ചി (1.25 മെഗാവാട്ട്) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്. ഈ പദ്ധതികളിൽ നിന്നും 4/06/2014 വരെ യഥാക്രമം 16.618 ദശലക്ഷം യൂണിറ്റും, 3.686 ദശലക്ഷം യൂണിറ്റും വീതം വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.<br>സ്വകാര്യ സംരംഭകർ വഴി 12.112 മെഗാവാട്ടിന്റെ 3 ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. അവയിൽ നിന്നും 29.98 ദശലക്ഷം യൂണിറ്റ് ഉൽപ്പാദിപ്പിച്ചു. ഈ പദ്ധതികൾ 10.5 മെഗാവാട്ട് കാരിക്കയവും 1.5 മെഗാവാട്ട് ഇരുട്ടുക്കാനം സ്റ്റേജ്-2 ഉം, മാങ്കുളം 110 കിലോവാട്ടും ആണ്. |
| (ബി) നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാം; ഇവ ഓരോന്നും എപ്പോൾ പൂർത്തീകരിക്കും; ഇതിനാവശ്യമായ ഫണ്ട് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) **<u>വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.</u>** |
| (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം രൂപം നൽകിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂതത്താൻകെട്ട് (24 മെഗാവാട്ട്) അപ്പർ ചെങ്കുളം (24 മെഗാവാട്ട്) എന്നീ രണ്ടു പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് |

(DPR) തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

വെസ്റ്റേൺ കല്ലാർ (5 MW, 17.41 Mu) ചെറുകിട ജലവൈദ്യുത പദ്ധതിയുടെ DPR തയ്യാറാക്കിയിട്ടുണ്ട്. ഇവ കൂടാതെ മരിപ്പുഴ (6 MW, 14.84 Mu) വാലന്തോട് (7.5 MW, 12.31 Mu), മാർമല (7MW, 23.02 Mu) എന്നീ പദ്ധതികളുടെ DPR തയ്യാറാക്കി അപ്രൂവൽ കമ്മിറ്റിക്ക് സമർപ്പിക്കുകയും കമ്മിറ്റിയുടെ നിർദ്ദേശാനുസൃതമുള്ള ഭേദഗതികൾ പരിശോധിച്ച് DPR പരിഷ്കരണ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള 15 ഓളം പദ്ധതികൾ ഉണ്ട്. വിശദാംശം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.

മത്സര ദർഘാസ് നടപടികൾ പൂർത്തിയാക്കിയ 110.5MW സ്ഥാപിതശേഷി കൈവരിയ്ക്കാവുന്ന 25 ചെറുകിടജലവൈദ്യുത പദ്ധതികൾ സ്വകാര്യമേഖലയിലൂടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. **ഈ 25 പദ്ധതികളുടെ വിശദവിവരം അനുബന്ധം - 3 ആയി ചേർത്തിരിക്കുന്നു.**

| | |
|---|---|
| (ഡി) സ്വയംപര്യാപ്തത കൈവരിക്കാൻ എത്ര മെഗാവാട്ട് വൈദ്യുതിയുടെ സ്ഥാപിതശേഷി ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്; അതിന് എത്ര തുക ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) 18 - പവർ സർവ്വേ പ്രകാരം സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയും ലഭ്യതയും തമ്മിൽ 772 മെഗാവാട്ടിന്റെ കുറവുണ്ട്. വ്യാപാര വിലയിലെ വ്യത്യാസം, ഉല്പാദന മൂലധനത്തിൽ, വിവിധ സ്രോതസ്സുകൾ തമ്മിലുള്ള വ്യത്യാസം എന്നിവയെ ആശ്രയിച്ച് ആവശ്യമുള്ള തുകയിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകും. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

| ക്രമ നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | ഉല്പാദന ശേഷി (Mu) | പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന തീയതി |
|---|---|---|---|---|
| 1 | വിലങ്ങാട് | 7.5 | 22.63 | 06/2014 |
| 2 | ബാരപ്പോൾ | 15 | 36 | 12/2014 |
| 3 | ചിമ്മിനി | 2.5 | 6.7 | 03/2015 |
| 4 | ആഢ്യൻപാറ | 3.5 | 9.01 | 06/2015 |
| 5 | വെള്ളത്തൂവൽ | 3.6 | 12.17 | 05/2015 |
| 6 | പെരുന്തേനരുവി | 6 | 25.77 | 06/2015 |
| 7 | ചെങ്കുളം ഓഗ്മെന്റേഷൻ | | 85 | 02/2016 |
| 8 | കക്കയം | 3 | 10.39 | 12/2015 |
| 9 | ചാത്തൻകോട്ടുനട-II | 6 | 14.76 | 12/2015 |
| 10 | ഭൂതത്താൻകെട്ട് | 24 | 83.5 | 03/2016 |
| 11 | തോട്ടിയാർ | 40 | 99 | 02/2016 |
| 12 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 | 153.9 | 12/2016 |
| 13 | പൊരിങ്ങൽക്കുത്ത് SHP | 24 | 45.02 | 03/2017 |
| | **ആകെ** | **195.1 MW** | **603.85 Mu** | |

മേൽപ്പറഞ്ഞ പദ്ധതികളിൽ പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിക്ക് പവർ ഫിനാൻസ് കോർപ്പറേഷനിൽ നിന്നും വായ്പ ലഭ്യമാക്കിയിട്ടുണ്ട്. മറ്റു പദ്ധതികൾക്ക് നിലവിൽ കെ.എസ്.ഇ.ബി യുടെ ഫണ്ട് ഉപയോഗിച്ചാണ് നിർമ്മാണം നടന്നു വരുന്നത്. ഈ പദ്ധതികൾക്കും പി.എഫ്.സി, ആർ.ഇ.സി, കാനറ ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊരിങ്ങൽക്കുത്ത് (4x8MW to 4x9 MW) ജലവൈദ്യുതി പദ്ധതിയുടെ നവീകരണ ത്തിനും നിലവിലുള്ള ശേഷി 32 മെഗാവാട്ടിൽ നിന്നും 36 മെഗാവാട്ട് ആയി വർദ്ധിപ്പിക്കുവാനുമായുള്ള പണികൾ പുരോഗമിച്ചു വരുന്നു. ഒന്നാം നമ്പർ മെഷീന്റെ നവീകരണം പൂർത്തീകരിച്ച് 15.04.2014 മുതൽ ഉത്പാദനം തുടങ്ങി. രണ്ടാം നമ്പർ മെഷീന്റെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

രണ്ടാം നമ്പർ ജനറേറ്റർ 2014 ആഗസ്റ്റിലും, മൂന്നാം നമ്പർ ജനറേറ്റർ 2014 ഡിസംബറിലും, നാലാം നമ്പർ ജനറേറ്റർ 2015 മെയിലും പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ 3 മെഗാവാട്ടിന്റെ മീൻവെല്ലം ചെറുകിട ജലവൈദ്യുതി പദ്ധതി 2014-15 ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ഇതു കൂടാതെ സ്വകാര്യമേഖലയിൽ BOOT അടിസ്ഥാനത്തിൽ സ്വതന്ത്രഊർജ്ജപദ്ധതി (IPP) ആയി അയ്യപ്പ പവ്വർ പ്രോജക്ട് എന്ന കമ്പനി നടപ്പിലാക്കുന്ന 15MW ആകെ സ്ഥാപിതശേഷിവരുന്ന കാരിക്കയം ചെറുകിടജലവൈദ്യുതപദ്ധതിയുടെ 5MW ന്റെ രണ്ടാംഘട്ടം (10MW ന്റെ ഒന്നാംഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്) ആറുമാസത്തിനുള്ളിൽ കമ്മീഷൻ ചെയ്യുവാൻ കഴിയുന്നതാണ്. പദ്ധതിയാണിത്.

A 31

## അനുബന്ധം (2)

ഈ സർക്കാർ അധികാരമേറ്റ ശേഷം മറ്റ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുത ഉൽപ്പാദനത്തിന് രൂപം നൽകി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ.

(1) M/s. Inox Renewable Energy Limited ന്റെ 22 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള കഞ്ചിക്കോട്ടുള്ള കിൻഫ്രയുടെ സ്ഥലത്ത് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു.

(2) ഗവൺമെന്റ് എൻ.എച്ച്.പി.സി – യുമായിട്ട് 06.01.2014 ൽ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ എന്നീ സ്ഥലങ്ങളിൽ 82 മെഗാവാട്ടിന്റെ കാറ്റാടി പദ്ധതി സ്ഥാപിക്കുന്നതിലേയ്ക്കായി ധാരണാ പത്രം ഒപ്പവച്ചിട്ടുണ്ട്.

(3) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, എൻ.എച്ച്.പി.സി – യുമായിട്ട് 07.05.2014 ൽ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ 50 മെഗാവാട്ടിന്റെ സോളാർ പദ്ധതി സ്ഥാപിക്കുന്നതിന് വേണ്ടി ധാരണാപത്രം ഒപ്പവെച്ചിട്ടുണ്ട്.

കൂടാതെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വന്തം നിലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു.

(4) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ അനുയോജ്യമായവയിൽ മൊത്തം 1.35 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(5) കഞ്ചിക്കോട് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1 മെഗാവാട്ട് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(6) പാലക്കാട് ജില്ലയിലെ അഗളി ചാലയൂർ ട്രൈബൽ കോളനിയിലെ വീടുകളുടെ മേൽക്കൂരകളിൽ മൊത്തം 96 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(7) പൊരിങ്ങൽ പവർഹൗസ് കെട്ടിടത്തിന്റെ മേൽക്കൂരകളിൽ 50 KWp ശേഷിയുള്ള ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(8) കമ്പാല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ 40 KWp ശേഷിയുള്ള പോൾ മൗണ്ടട് ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(9) തിരുവനന്തപുരം കോളേജ് ഓഫ് ഇൻജിനീയറിംഗ് കെട്ടിടത്തിന്റെ മുകളിൽ 430 KWp ശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിയ്ക്കൽ.

(10) RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി മൊത്തം 1.315 മെഗാവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകൾ സ്ഥാപിയ്ക്കൽ.

(11) ബ്രഹ്മപുരത്ത് ഡീസൽ വൈദ്യുത നിലയത്തിലെ കേടായ രണ്ട് ഡീസൽ എഞ്ചിൻ ജനറേറ്റർ സെറ്റുകൾ മാറ്റി പുതിയ പ്രകൃതി വാതകം ഉപയോഗിച്ച് പ്രവർത്തിക്കുന്ന 36 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്യാസ് എഞ്ചിൻ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

(12) പ്രകൃതി വാതകം ഉപയോഗിച്ച് പ്രവർത്തിക്കുന്ന 400 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള കമ്പൈൻഡ് സൈക്കിൾ പവർ പ്രോജക്റ്റ്, ബ്രഹ്മപുരം – ഇതിന്റെ പരിസ്ഥിതി ആഘാതപഠനം നടന്നുവരുന്നു.

(13) കൊച്ചിൻ റിഫൈനറിയുടെ ആധുനികവത്ക്കരണ-വികസന പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന പെറ്റ്കോക്ക് ഉപയോഗിച്ച് കൊച്ചിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഏകദേശം 500-600 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള താപവൈദ്യുത നിലയം.

(14) പുതുവൈപ്പിൻ പെട്രോനെറ്റ് എൽ.എൻ.ജി പദ്ധതിയുടെ സമീപത്തായി 1200 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പ്രകൃതിവാതകം ഉപയോഗിച്ചുള്ള കമ്പൈൻഡ് സൈക്കിൾ പവർ പ്രോജക്ട്. ഇതിലേയ്ക്കാവശ്യമായ 46.66 ഏക്കർ സ്ഥലം കൊച്ചിൻ പോർട്ട്ട്രസ്റ്റിൽ നിന്ന് അനുവദിച്ചുകൊണ്ടുള്ള തീരുമാനം 13.05.2014 ലെ സർക്കാർ ഉത്തരവുപ്രകാരം ലഭിക്കുകയുണ്ടായി.

(15) 1320 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കൽക്കരി ഉപയോഗിച്ച് പ്രവർത്തിക്കുന്ന താപവൈദ്യുത നിലയം കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി വീണ്ടും പുനരുജ്ജീവിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം – 3

| നമ്പർ | SHP പ്രോജക്ട് (സ്കീം നം. G.O(MS)30/2012/PD dated 12.12.2012) | ജില്ല, | സ്ഥാപിത ശേഷി | കമ്പനി |
|---|---|---|---|---|
| 01 | അടയ്ക്കാതോട് (2) | കണ്ണൂർ | 2.50 | ശ്രീ.ശരവണ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, ഇരവക്കടി, ട്രിച്ചി. |
| 02 | അനക്കാംപോയിൽ (26) | കോഴിക്കോട് | 6.75 | മിനാർ ഇസ്പാറ്റ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് |
| 03 | ആനയ്ക്കൽ (40) | കോട്ടയം | 2.00 | ആംങ്ഗലർ സ്ട്രക്ച്ചറൽസ്, കോലഞ്ചേരി. |
| 04 | അരിപ്പാറ (13) | കോഴിക്കോട് | 3 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 05 | ഇഞ്ചവരകത്ത് (52) | ഇടുക്കി | 3.00 | കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്, കളമശ്ശേരി, എറണാകുളം |
| 06 | കൈതകൊല്ലി (36) | വയനാട്/കണ്ണൂർ | 10.00 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 07 | കാക്കടാംപോയിൽ എസ്1(11) | കോഴിക്കോട് | 21 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 08 | കങ്കാപുഴ (54) | ഇടുക്കി | 0.75 | ശ്രീ. ഐസക്ക് സാമുവൽ, കോട്ടയം |
| 09 | കഴുത്തുരുത്തി (41) | കൊല്ലം | 2 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 10 | കീഴാർകുത്ത് (27) | ഇടുക്കി | 15 | ജനറൽ മെക്കാനിക്കൽ വർക്ക് പ്രൈവറ്റ് ലിമിറ്റഡ്, ചൈന്ന. |
| 11 | കൊക്കമല്ല (3) | കണ്ണൂർ | 2 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 12 | കോഴിച്ചാൽ (46) | കണ്ണൂർ | 0.75 | സ്വസ്തിക്ക് ഇന്ത്യ ഇഞ്ചിനീയറിംഗ് (എസ്.സി) പ്രൈവറ്റ് ലിമിറ്റഡ്, മുബൈ. |
| 13 | കോഴിയിലകത്ത് | ഇടുക്കി | 1.00 | എ.ബി.ജി. ഇഞ്ചിനീയറിംഗ് (1) പ്രൈവറ്റ് ലിമിറ്റഡ്, തിരുവല്ല. |
| 14 | കതിരചട്ടം (19) | കാസർകോഡ് | 2.00 | ശ്രീ. ശരവണ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശി. |
| 15 | ലോവർമർമ്മല (45) | കോട്ടയം | 0.90 | നേച്ചപാടം കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി. |
| 16 | മാടത്തെരുവി(9) | പത്തനംതിട്ട | 1.00 | പി.ഇ.എം.എസ് എഞ്ചിനിയറിംഗ് കൺസൾട്ടന്റ് പ്രൈവറ്റ് ലിമിറ്റഡ്. |
| 17 | മാലോത്തി(17) | കാസർകോഡ് | 2.00 | ശ്രീ. ശരവണ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശി. |
| 18 | മുത്തപ്പൻപുഴ(43) | കോഴിക്കോട് | 1.50 | മിനാർ ഇസ്പാറ്റ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് |

| | | | | |
|---|---|---|---|---|
| 19 | പനംകടന്ത(15) | പത്തനംതിട്ട | 0.50 | എ.ബി.ജി എഞ്ചിനീയറിംഗ് (1) പ്രൈവറ്റ് ലിമിറ്റഡ്, തിരുവല്ല. |
| 20 | പതൻകയം(25) | കോഴിക്കോട് | 4.00 | മിനാർ അലോയിസ് ആന്റ് ഫോർജിംഗ് പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട് |
| 21 | പൊരു ലോഹെഡ് സ്കീം(58) | എറണാകുളം | 16.00 | ശ്രീ ശരവണാ ഇഞ്ചിനീയറിംഗ് ഭവാനി പ്രൈവറ്റ് ലിമിറ്റഡ്, തമിഴ് നാട്. |
| 22 | തോണിയാർ (31) | എറണാകുളം | 2.60 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 23 | തുമ്പൂർമൂഴി (60) | തൃശ്ശൂർ | 7.00 | കൊച്ചിൻ മെറ്റീരിയൽസ് ആന്റ് റ്റ്ട്ടയിൽ ലിമിറ്റഡ്, ആലുവ. |
| 24 | ഇവൽ (33) | ഇടുക്കി | 1.00 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 25 | ഉറുമ്പിനി (32) | പത്തനംതിട്ട | 2.20 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |

സെക്ഷൻ ഓഫീസർ